Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala - India

**മാനേജിങ് ഡയറക്ടറുടെ നടപടി ക്രമം, തിരുവനന്തപുരം**

**ഹാജർ : Jeevan Babu K. IAS**

വിഷയം: കെ.ഡബ്ല്യൂ.എ. - ആർ.എം.സി. - വാട്ടർ ചാർജ് കുടിശ്ശികയ്ക്ക് പുറമെ കോൺട്രാക്ടർ ബാധ്യത, ജീവനക്കാരുടെ ഉൾപ്പടെ മറ്റുള്ളവരിൽ നിന്നും പിരിച്ചെടുക്കേണ്ട ബാധ്യത എന്നിവ റവന്യൂ റിക്കവറി പോർട്ടലിൽ അപ്പ് ലോഡ് ചെയ്യുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരെ ചുമതലപെടുത്തുന്നത് സംബന്ധിച്ച്.

---

No. KWA-JB/5510/2024-R1(RMC) Dated:08-11-2024

പരാമർശം:
1. ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ അർത്ഥനാധികാരികളുടെയും വകുപ്പ് മേധാവികൾക്ക് നൽകിയ 21/03/2019-ലെ എൽ.ആർ.(ബി2) -9773/19.
2. മാനേജിങ് ഡയറക്ടറുടെ 17-11-2017-ലെ കെ.ഡബ്ല്യൂ.എ./ജെ.ബി./ഇ.2.(ബി)/16054/ 2016 നമ്പർ ഉത്തരവ്.

**ഉത്തരവ്**

01/01/2017 മുതൽ സംസ്ഥാനമൊട്ടാകെയുള്ള റവന്യൂ റിക്കവറിക്കുള്ള അപേക്ഷകൾ rr.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് സ്വീകരിച്ച് വരുന്നത്. റവന്യൂ റിക്കവറി സെറ്റിൽമെന്റ് സ്വീകരിക്കുന്നതിനായി വിവിധ ഇനങ്ങൾക്കുള്ള ശീർഷകങ്ങൾ വെബ് പോർട്ടലിൽ ഉൾപെടുത്തുന്നതിനുള്ള നിർദ്ദേശം പരാമർശം 2 പ്രകാരം നൽകിയിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം വാട്ടർ ചാർജ് കുടിശ്ശിക, കോൺട്രാക്ടർ ബാധ്യത/ മറ്റുള്ളവ എന്നീ ശീർഷകങ്ങൾ വാട്ടർ അതോറിറ്റിയുടെ ആർ.ആർ പോർട്ടലിൽ ചേർത്തിട്ടുണ്ട്.

പരാമർശം ഒന്ന് പ്രകാരം നിലവിൽ അക്കൗണ്ട്സ് ഓഫീസർ, റവന്യൂ മോണിറ്ററിങ് സെല്ലാണ് റവന്യൂ റിക്കവറി ഓൺലൈൻ പോർട്ടലിൽ വാട്ടർ അതോറിറ്റിയുടെ സംസ്ഥാന തല നോഡൽ ഓഫീസർ. എല്ലാ റവന്യൂ സബ് ഡിവിഷനുകളിലെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ക്ലർക്കുമാർക്കും ആവശ്യാനുസരണം റവന്യൂ റിക്കവറി ഓൺലൈൻ പോർട്ടലിൽ യൂസർ ഐഡി-യും പാസ്സ്‌വേർഡും റവന്യൂ മോണിറ്ററിങ് സെൽ നൽകിയിട്ടുണ്ട്. ഇത് മുഖേന വാട്ടർ

ചാർജ് കുടിശ്ശികയോ മറ്റേതെങ്കിലും കോൺട്രാക്ടർ ബാധ്യതയോ റവന്യൂ റിക്കവറി പോർട്ടലിൽ അപ്പ് ലോഡ് ചെയ്യാവുന്നതാണ്. എന്നാൽ പ്രോജെക്ട് ഡിവിഷനുകളിൽ ചെയ്യുന്ന പ്രവർത്തികളുടെ കോൺട്രാക്ടർ ബാധ്യത റവന്യൂ റിക്കവറി പോർട്ടലിൽ അപ്പ് ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ ഈ ഓഫീസിൽ ലഭിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് തടസ്സ വാദങ്ങളും നിലവിലുണ്ട്. നിലവിൽ റവന്യൂ സബ് ഡിവിഷൻ തലത്തിൽ റവന്യൂ ഒഴികെ മറ്റൊരു ബാധ്യതയും (കോൺട്രാക്ടർ ബാധ്യത, ജീവനക്കാരുടെ ഉൾപ്പടെ മറ്റുള്ളവരിൽ നിന്നും പിരിച്ചെടുക്കേണ്ട ബാധ്യത) അപ്‌ലോഡ് ചെയ്യുന്നില്ല എന്ന് നിരീക്ഷിക്കുന്നു.

എല്ലാ റവന്യൂ സബ് ഡിവിഷനുകളിലെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റവന്യൂ റിക്കവറി ബാധ്യതകളും പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്. **ഇനിമുതൽ ജില്ലയിലെ കോൺട്രാക്ടർ ബാധ്യത, ജീവനക്കാരുടെ ഉൾപ്പടെ മറ്റുള്ളവരിൽ നിന്നും പിരിച്ചെടുക്കേണ്ട ബാധ്യത എന്നിവ റവന്യൂ റിക്കവറി പോർട്ടലിൽ അപ്പ് ലോഡ് ചെയ്യുന്നതിനായി ജില്ലാ തലത്തിൽ താഴെ പറയുന്ന നോഡൽ ഓഫീസർമാരെ ചുമതലപെടുത്തി ഉത്തരവാകുന്നു.** ഉപഭോക്താക്കളുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ നിലവിലെ അവസ്ഥ തുടരുന്നതാണ്.

| ക്രമ നമ്പർ | ജില്ല | RR നോഡൽ ഓഫീസർ |
|---|---|---|
| 1 | തിരുവനന്തപുരം | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹെഡ് ക്വാർട്ടേഴ്സ് സബ് ഡിവിഷൻ, തിരുവനന്തപുരം |
| 2 | കൊല്ലം | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ സബ് ഡിവിഷൻ, കൊല്ലം |
| 3 | പത്തനംതിട്ട | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ പത്തനംതിട്ട |
| 4 | കോട്ടയം | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ കോട്ടയം |
| 5 | ആലപ്പുഴ | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ, ആലപ്പുഴ |
| 6 | ഇടുക്കി | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ പൈനാവ് |
| 7 | എറണാകുളം | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡബ്ല്യൂ.എസ്.സബ് ഡിവിഷൻ കൊച്ചി, പള്ളിമുക്ക് - 16 |
| 8 | തൃശ്ശൂർ | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡബ്ല്യൂ.എസ്.സബ് ഡിവിഷൻ തൃശ്ശൂർ |
| 9 | പാലക്കാട് | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ പാലക്കാട് |
| 10 | മലപ്പുറം | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ മലപ്പുറം |
| | | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, |

| | | |
|---|---|---|
| 11 | കോഴിക്കോട് | ഡിസ്ട്രിബ്യൂഷൻ സബ് ഡിവിഷൻ -1, വെസ്റ്റ് ഹില്ല്. |
| 12 | വയനാട് | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ സുൽത്താൻ ബത്തേരി |
| 13 | കണ്ണൂർ | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡബ്ല്യൂ.എസ്.സബ് ഡിവിഷൻ,കണ്ണൂർ |
| 14 | കാസർഗോഡ് | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ കാഞ്ഞങ്ങാട് |

അതാത് ജില്ലകളിലെ സർക്കിൾ ഓഫീസിൽ അക്കൗണ്ട്സ് ഓഫീസർമാർ ഇത് സംബന്ധിച്ച മേൽ നോട്ടം വഹിക്കേണ്ടതും ഇത് സംബന്ധിച്ചുള്ള പ്രതിമാസ റിപോർട്ടുകൾ ടി ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി പരിശോധിക്കേണ്ടതും **ജില്ലയിലെ എല്ലാ ഡിവിഷനുകളിലേയും റെവന്യൂ റിക്കവറി നടക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.** നിലവിലുള്ള ഉദ്യോഗസ്ഥർ മാറി പുതിയ ഉദ്യോഗസ്ഥർ വരുമ്പോൾ ഇതുസംബന്ധിച്ച രേഖകൾ കൈമാറിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

Signed by
Jeevan Babu K
Date: 08-11-2024 19:09:41

Jeevan Babu K. IAS
MANAGING DIRECTOR

To
1. എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
2. എല്ലാ സൂപ്രണ്ടിങ് എഞ്ചിനീയർമാർക്കും
3. എല്ലാ അക്കൗണ്ട്സ് ഓഫീസർമാർക്കും (സർക്കിൾ ഓഫീസ്)
4. എല്ലാ എക്സിക്യൂട്ടീവ്എഞ്ചിനീയർമാർക്കും
5. എല്ലാ അസിസ്റ്റൻറ് എക്സിക്യൂട്ടീവ്എഞ്ചിനീയർമാർക്കും